# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4162** **16-12-2014 ലെ മറുപടിയ്ക്ക്**

**കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി. ഗീതാ ഗോപി** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) നിർദ്ധനരായ രോഗികൾക്ക് 3000/- രൂപ ചികിത്സാ സഹായം നൽകുന്ന കാരുണ്യ പദ്ധതിയുടെ അപേക്ഷകൾ ധനകാര്യ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | | (എ) & (ബി) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽനിന്നും 13-11-2014 വരെ 48053 രോഗികൾക്ക് 527.27 കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപരിയായി ഒറ്റത്തവണ സമാശ്വാസ ചികിത്സാ സഹായ പദ്ധതിയിലൂടെ 4.57 കോടി രൂപ 15,234 രോഗികൾക്ക് വിതരണം ചെയ്തു. അപേക്ഷകരുടെ ബാഹുല്യംമൂലം ധനകാര്യ വകുപ്പ മന്ത്രിയുടെ ഓഫീസിൽ അപേക്ഷകൾ കൂട്ടത്തോടെ സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും അത്യാവശ്യ സാഹചര്യങ്ങളിൽ അപേക്ഷകൾ സ്വീകരിക്കാറുണ്ട്. രോഗികളുടെ സൗകര്യാർത്ഥവും താമസം ഒഴിവാക്കുന്നതിനും 14 ജില്ലാ ലോട്ടറി ഓഫീസുകളിലും അപേക്ഷകൾ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൻ മുൻപ് ഒറ്റത്തവണ ധനസഹായം കൈപ്പറ്റിയിട്ടുണ്ടോയെന്നും ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ടോ എന്നും ജില്ലാ ലോട്ടറി ഓഫീസിൽ സൂക്ഷ്മപരിശോധന നടത്തി ലഭിക്കുന്നത് കാലതാമസം ഒഴിവാക്കാനും ഇടയാകും. ഇത് പരമാവധി രോഗികൾക്ക് ഒറ്റത്തവണ ധനസഹായം നൽകുന്നതിന് സഹായകരമാകും. |
| (ബി) എം. എൽ. എ മാരുടെ കവറിംഗ് ലെറ്ററോടു കൂടി വകുപ്പ മന്ത്രിക്ക് സമർപ്പിക്കുന്ന ടി അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കാനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.